# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1761** — **10.02.2020** -ലെ മറുപടിയ്ക്ക്

### എം.ജി. സർവ്വകലാശാലയിലെ മോഡറേഷൻ

*ചോദ്യം*

ശ്രീ.റോജി എം.ജോൺ

*ഉത്തരം*

കെ.റ്റി.ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി )

| | | | |
|---|---|---|---|
| (എ) | എം. ജി. സർവ്വകലാശാല സംഘടിപ്പിച്ച അദാലത്തിൽ പരീക്ഷയിൽ പരാജയപ്പെട്ട ഒരു ബി.ടെക് വിദ്യാർത്ഥിനിക്ക് ഒരു മാർക്ക് അധിക മോഡറേഷൻ നൽകുവാൻ തീരുമാനിച്ചിരുന്നോ എന്നറിയിക്കാമോ; | (എ) | അദാലത്തിൽ തീരമാനമെടുത്തിട്ടില്ല |
| (ബി) | ഏതെങ്കിലും ഒരു പേപ്പർ മാത്രം പരാജയപ്പെട്ട എല്ലാ ബി.ടെക് വിദ്യാർത്ഥികൾക്കും ഒരു മാർക്കിന് പകരം അഞ്ച് മാർക്ക് മോഡറേഷൻ നൽകുവാൻ യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ്തീരുമാനമെടുത്തിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത തീരുമാനം സർവ്വകലാശാല പിന്നീട് പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്ന് അറിയിക്കാമോ; | (സി) | ഉണ്ട്. നയപരമായ തീരുമാനം സർവ്വകലാശാലയുടെ നേട്ടങ്ങളെ തമസ്ക്കരിക്കും വിധം പ്രചരിച്ച വിവാദങ്ങൾ കണക്കിലെടുത്തും, പൊതുസമൂഹത്തിനു മുമ്പിൽ സർവ്വകലാശാലയും അക്കാദമിക സമൂഹവും സംശയത്തിന്റെ നിഴലിൽ പോലും വരാതിരിക്കുവാനുമായി 24.10.2019 തീയതിയിലെ ഇനം നമ്പർ 01/19.09 സിൻഡിക്കേറ്റ് തീരുമാന പ്രകാരം പിൻവലിച്ചിട്ടുള്ളതാകുന്നു. |
| (ഡി) | ഇപ്രകാരം അധിക മോഡറേഷൻ നൽകിയതിലൂടെ എത്ര വിദ്യാർത്ഥികളാണ് വിജയിച്ചതായി പ്രഖ്യാപിച്ചത്; അതിൽ എത്ര പേർക്ക് ബി.ടെക് ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്തു; | (ഡി) | 116 വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടുണ്ട്. അതിൽ 44 പേർക്ക് ഇതിനകം ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്. |
| ഇ) | മോഡറേഷൻ നൽകി വിജയിപ്പിച്ച തീരുമാനം പിൻവലിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ വിശദീകരണം തേടിയിട്ടുണ്ടോ; | (ഇ) | ഇല്ല |
| (എഫ്) | ഇക്കാര്യത്തിൽ അക്കാഡമിക് കൗൺസിലിൽ തീരുമാനം എടുക്കുകയോ, സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലെ നിബന്ധന അനുസരിച്ച് ചാൻസലറുടെ അനുമതി തേടുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ | (എഫ്) | ഇല്ല. മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 4 ചട്ടം 23 (15) പ്രകാരം പരീക്ഷാ കാര്യങ്ങളിൽ നയപരമായി തീരുമാനമെടുക്കാൻ സിൻഡിക്കേറ്റിനുള്ള അധികാരവും, ബിരുദം |

| | | | |
|---|---|---|---|
| . | എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | | റദ്ദാക്കാൻ സിൻഡിക്കേറ്റ് ചാൻസലറോട് അനുമതി തേടേണ്ടുന്ന സാഹചര്യവും വ്യക്തമാക്കുന്ന മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട് 1997 ചാപ്റ്റർ 35-ന്റെ പരിധിയിൽ ഇക്കാര്യം വരുന്നില്ല എന്ന് സർവകലാശാല സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിലാണ് സർവകലാശാല സിൻഡിക്കേറ്റ് ഇങ്ങനെ ഒരു തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ